*ലേഖനം*

# ലൈംഗികപീഡനങ്ങളും കുറെ യാഥാർത്ഥ്യങ്ങളും

*—പി.റ്റി. പൗലോസ്*

ധാർമ്മികമൂല്യങ്ങൾ വെന്തെരിയുന്ന ശവഭൂമിയിലാണു നാമിന്ന്. മനസ്സാക്ഷിക്കു പുഴുക്കുത്തേറ്റ ഇരുകാലികളുടെ ഈ സംഘർഷഭൂമിയിൽ, ഈ കാട്ടുനീതിയുടെ ശാസ്ത്രയുഗത്തിൽ, മനുഷ്യത്വം മരവിക്കാത്ത ശരാശരിമനുഷ്യൻ ഇവിടെ ദിക്കറിയാതെ പകച്ചുനില്ക്കുന്നു. ഇവിടെയാണ് ഡോ. എ.കെ.ബി. പിള്ളയുടെ 'Women & Children: Sexual Abuse and Viloence—a Plan to Stop Now' എന്ന പുസ്തകത്തിൻെറ പ്രസക്തി. സമൂഹത്തോടുള്ള അദ്ദേഹത്തിൻെറ പ്രതിബദ്ധത, മറയില്ലാത്ത സ്നേഹത്തിൻെറ കുത്തൊഴുക്ക്. മാറ്റപ്പെടേണ്ടതിനെ മാറോടണയ്ക്കുന്ന മനുഷൻെറ നീതിരാഹിത്യത്തോടുള്ള ആത്മരോഷം. പരിചയസമ്പന്നതകൊണ്ടു നേടിയ ഹൃദയവിശാലതയിൽ രചിച്ച മാർഗ്ഗനിർദ്ദേശസൃഷ്ടി. സഹജീവികളോടുള്ള എ.കെ.ബി.സാറിൻെറ മുഴുവൻ ആത്മാർത്ഥതയെയും ആദരപൂർവ്വം അഭിനന്ദിച്ചുകൊണ്ട് ഒരു 'മില്യൺ ഡോളർ-ക്വസ്റ്റ്യൻ': പൂച്ചക്ക് ഇവിടെ ആർ മണികെട്ടും?

കരിഞ്ചന്തക്കാരനും കള്ളനോട്ടടിക്കാരനും കൊലപാതകിയും കൂട്ടിക്കൊടുപ്പുകാരനും ജനപ്രതിനിധിയാവുന്ന, അവർക്കു പരസ്പരം കൈകോർക്കാൻ അവസരം നല്കുന്ന, നാണംകെട്ട നമ്മുടെ ജനാധിപത്യനാടകത്തിൽ, പോലീസും ജനങ്ങളും ജനപ്രതിനിധികളും കോഴപറ്റുന്ന കോടതിയും രാഷ്ട്രീയമൂല്യങ്ങളെ വ്യഭിചരിച്ച് രാഷ്ട്രീയം ജീവസന്ധാരണത്തിനുമാത്രമുള്ള മാർഗ്ഗമായി സ്വീകരിച്ച ഇവിടുത്തെ എല്ലാ രാഷ്ട്രീയക്കാരും ഒന്നിച്ചു കൈകോർക്കുന്ന ആ മനോഹരമുഹൂർത്തം—ഗ്രന്ഥകർത്താവ് അദ്ദേഹത്തിൻെറ ഹൃദയവിശാലതയുടെ നിറപ്പകിട്ടിൽ കണ്ട ഒരു ഗാന്ധിയൻ സ്വപ്നമാണിതെന്നു പറയുന്നതിൽ എനിക്കു ഖേദമുണ്ട്. മാനുഷികമൂല്യങ്ങൾ കടപുഴകിവരുന്ന ഈ മലവെള്ളപ്പാച്ചിലിൽ ആ സ്വപ്നത്തിന് പെട്ടന്നൊരു സാക്ഷാത്കാരമുണ്ടാവില്ലെന്ന് നൂറു ശതമാനം വിശ്വസിച്ചുകൊണ്ട്, ഞാനെൻെറ കൊച്ചുജീവിതത്തിൽ കണ്ട ചില നഗ്നയാഥാർത്ഥ്യങ്ങളിലേക്ക് സത്യസന്ധതയോടെ തിരിഞ്ഞുനോക്കട്ടെ! അത്, ഒരുപക്ഷേ, മാറ്റത്തിൻെറ മാറ്റൊലികൾക്കുവേണ്ടി കാതോർക്കുന്ന വരുംതലമുറക്ക് ആത്മശക്തി പകർന്നേക്കാം, എനിക്കുറപ്പില്ല.

ഇൻഡ്യയിൽ ഇന്നാവശ്യം ഭരണസംവിധാനത്തിൻെറ 'സ്റ്റബിലിറ്റി'യാണ്. ഇപ്പോഴുള്ളത്, അല്ലെങ്കിൽ കഴിഞ്ഞ ഏതാനും പതിറ്റാണ്ടുകളിൽ ഉണ്ടായിരുന്നത്, ഗവണ്മെൻറല്ല—കൂലിപ്പണിക്കാരനും കോഴകൊടുപ്പുകാരനും ഗാന്ധിയെ ആരാധിക്കുന്നവനും അവസാനിപ്പിച്ചവനും സാമൂഹ്യവിരുദ്ധനും രാഷ്ട്രീയത്തിൻെറ പേരിൽ ഒത്തുചേർന്നുള്ളൊരു 'അഡ്ജസ്റ്റ്മെൻറാ'ണ്. അവർ ജുഡീഷറിയെ വിലയ്ക്കുവാങ്ങാവുന്ന കളിപ്പാട്ടമാക്കി. ജുഡീഷറിയുടെ മഹോന്നതപദവിയിലെത്തിയൊരു കേരളപുത്രൻ 'സത്യമേവ ജയതെ' എന്ന നീതിമന്ത്രത്തെ അഴിമതിയുടെ മേലാട അണിയിച്ചത് ഈയിടെയാണ്. ഇവർക്കൊക്കെ പിൻബലം, മൂല്യങ്ങൾ ചോർന്നുപോയ രാഷ്ട്രീയത്തിൻെറ അസ്ഥിപഞ്ജരങ്ങളും പേറി വട്ടംചുറ്റുന്ന നപുംസകങ്ങളായ കുറെ രാഷ്ട്രീയക്കാരും. രാഷ്ട്രീയത്തിൽ എന്തുമാകാം. മൂന്നു പതിറ്റാണ്ടുമുമ്പ് മിസ്സിസ് ഇന്ദിരാഗാന്ധി കൽക്കട്ടയിലെ ബ്രിഗേഡ് പരേഡ്ഗ്രൗണ്ടിൽ പ്രസംഗിച്ചു: "ലോകം കണ്ട ഏറ്റവും വലിയ നിരീശ്വരവാദിയായ ഒരച്ഛൻെറ മകളാണു ഞാൻ. ആ അച്ഛൻെറ പാതയാണു ഞാനും പിന്തുടരുന്നത്." പിറ്റെ ദിവസം വെളുപ്പാൻകാലത്ത്, ഗുരുവായൂരമ്പലത്തിൽ

മിസ്സിസ് ഗാന്ധി പഞ്ചസാരകൊണ്ടു തുലാഭാരവും നടത്തി. ഇത് ഒരു ചെറിയ ഉദാഹരണംമാത്രം. ഇവരെല്ലാം ഒത്തുചേർന്നുള്ള അവിശുദ്ധബന്ധത്തിൽ നീതി എത്രയോ കാതം അകലെ! ജനാധിപത്യം ഇന്നും ചക്രവാളങ്ങൾക്കപ്പുറമുള്ളൊരു പ്രകാശഗോപുരമാണ്.

പീഡനങ്ങളുടെ നാൾവഴികളിലേക്കു കടക്കുമ്പോൾ, വേദപുരാണങ്ങളിലെ ആത്മീയസദാചാരങ്ങളോടു നീതിപുലർത്താത്ത ലൈംഗികവൈകൃതങ്ങളിലേക്ക് നമുക്കൊന്ന് എത്തിനോക്കാം. സന്ധ്യാപ്രാർത്ഥനയും ബൈബിൾപാരായണവും ശീലമാക്കിയ ഒരു ബല്യകാലം എനിക്കുണ്ടായിരുന്നു. ബൈബിൾ ഉച്ചത്തിൽ വായിക്കാൻ വീട്ടിലെ മുതിർന്നവർ ആവശ്യപ്പെട്ടിരുന്നു. വായനയിൽ, ഉൽപത്തിപുസ്തകത്തിൻെറ 19-ാം അദ്ധ്യായത്തിലേക്കു കടക്കുമ്പോൾ ഞാൻ ചുറ്റിലും നോക്കിയിട്ട് ശബ്ദം കുറച്ചു വായിക്കുന്നത് മറവിയുടെ മാറാലകെട്ടാത്ത ഓർമ്മകളായി ഇന്നും നിൽക്കുന്നു. യോർദ്ദാൻതാഴ്വാരങ്ങളിലെ അകലങ്ങളിലെ സോവാർനഗരത്തിൻെറ ഉയരങ്ങളിലെ നിഗൂഢഗുഹയിൽ, നക്ഷത്രങ്ങളില്ലാത്ത രണ്ടു രാവുകളുടെ ഏതോ യാമങ്ങളിൽ ഗുഹയുടെ കൽവാതിൽ രണ്ടുപ്രാവശ്യം തുറന്നടഞ്ഞു. ഗുഹയിലെ കൽമെത്തയിൽ വിശ്രമിച്ചിരുന്ന സ്വന്തം പിതാവിനെ മദ്യം കൊടുത്തു മയക്കി ലൈംഗികപീഡനം നടത്തി, രണ്ടു കന്യകപുത്രിമാർ വിശ്വപാപത്തിൻെറ തുടക്കം കുറിച്ചു. ആതു വിശ്വാസത്തിൻെറ ശിരോലിഖിതമാക്കി ന്യായീകരണം കണ്ടെത്തി. ഈ വർത്തമാനകാലത്ത്, പുത്രിയെ ലൈംഗികമായി പീഡിപ്പിക്കുന്ന പിതാവിൻെറ വികൃതരൂപത്തിന് എന്തു ന്യായീകരണം നല്കണം? വിശ്വപാപത്തിൻെറ തുടർച്ചയെന്നോ? ധാർമ്മികമൂല്യങ്ങളുടെ തകർച്ചയെന്നോ?

ബൈബിൾസാഹിത്യപ്രചാരകർ സമൂഹത്തോടു മാപ്പു പർഅയണമെന്നു ഞാൻ പറയുന്നില്ല. 21-ആം നൂറ്റാണ്ടിൻെറ വിശാലതയിലേക്ക് ബൈബിൾ തുറക്കാൻ, ആത്മീയസദാസദാചാരത്തിൻെറ പേരിലെങ്കിലും the Bible needs a revision—നന്മതിന്മകളിലേക്കു വിരൽചൂണ്ടുന്ന ആധികാരികഗ്രന്ഥമാണെങ്കിൽമാത്രം. കാലഘട്ടത്തിനനുസരിച്ച് എല്ലാ വേദപുരാണങ്ങൾക്കും വേണം ഒരു പൊളിച്ചെഴുത്ത്.

അന്ധമായ വിശ്വാസങ്ങളോടും ഐതിഹ്യങ്ങളിൽ അധിഷ്ഠിതമായ അനുഷ്ഠാനങ്ങളോടും വിടചൊല്ലിയാൽ, ലൈംഗിഗവൈകൃതങ്ങളുടെ തോതു കുറയുമെന്നു ഞാൻ വിശ്വസിക്കുന്നു. അമേരിക്കയിൽ, സുപ്രീംകോടതിവരെയെത്തി, അമേരിക്കൻ സ്കൂളുകളിൽ ബൈബിൾപാരായണം നിരോധിച്ച, 'the most hated woman in America' എന്ന പേരു സമ്പാദിച്ച, അമേരിക്കയിലെ മുഴുവൻ യാഥാസ്ഥികർക്കും വെല്ലുവിളിയായിരുന്ന, അതിശക്തയായൊരു സ്ത്രീ ഉണ്ടായിരുന്നു, മാഡലിൻ മറി ഒഹെയ (Dr. Madalyn Murry O'Hair). അമേരിക്കൻ എതീയിസ്റ്റ് അസോസിയേഷൻെറ അദ്ധ്യക്ഷയായിരുന്ന അവർ 1995-ൽ ടെക്സസിൽവച്ച് 74-ാമത്തെ വയസ്സിൽ അതിദാരുണമായി കൊല്ലപ്പെട്ടു. 1978-ൽ മാഡലിൻ ഒഹെയർ ഇൻഡ്യ സന്ദർശിച്ചപ്പോൾ, ബംഗാൾ യുക്തിവാദിസംഘടനയുടെ സെക്രട്ടറിയെന്ന നിലയിലും മദ്രാസിൽനിന്നുള്ള Freethought എന്ന ഇംഗ്ലീഷ് ദ്വൈവാരികയുടെ കറസ്പോണ്ടൻറ് എന്ന നിലയിലും ഞാനും അവരുടെ ഉത്തരേന്ത്യൻ സന്ദർശകസംഘത്തിൽ അംഗമായിരുന്നു. ഇൻഡ്യയിലെ ഹൈന്ദവക്ഷേത്രങ്ങളിലെ അനുഷ്ഠാനങ്ങളും ആചാരങ്ങളും മനസ്സിലാക്കുകയായിരുന്നു സന്ദർശനത്തിൻെറ പ്രധാനോദ്ദേശം. ഒറീസ്സയിലെ ക്യോന്ഝാറിൽ (Keonjhar) ഉൾക്കാട്ടിൽ സ്ഥിതിചെയ്യുന്ന ഒരതിപുരാതന ശിവമന്ദിറിൽ ഞങ്ങളെത്തി. ശിവലിംഗമാണ് അവിടെ പ്രതിഷ്ഠ. കുളിച്ച് ഈറനുടുത്ത് അടിവസ്ത്രമില്ലാതെ, ശിവലിംഗപൂജക്കായി പ്രായഭേദമെന്യേ നില്ക്കുന്ന സ്ത്രീകളുടെ നീണ്ട നിര. ഓരോ സ്ത്രീയും കാലുപൊക്കി

ശിവലിംഗം കടന്ന് അപ്പുറമെത്തി പൂജാരിയിൽനിന്നു പ്രസാദം വാങ്ങണം. കാലെടുത്തുവച്ച് ശിവലിംഗം കടക്കുമ്പോൾ യോനീമുഖം ശിവലിംഗത്തിൽ സ്പർശിക്കണമെന്നാണു ക്ഷേത്രനിയമം. കാലങ്ങളായി, ലക്ഷക്കണക്കിൽ യോനികളുരസി, കരിങ്കല്ലിൽ തീർത്ത ശിവലിംഗത്തിന്റെ അഗ്രഭാഗം മാർബിൾപോലെ മിനുസപ്പെട്ടത് ഞങ്ങൾക്കു കാണാൻ കഴിഞ്ഞു. കാഴ്ചക്കാരായി മറുവശത്തു നിന്ന പുരുഷന്മാരിലും കുട്ടികളിലും കാമവികാരമുണരുന്നതും ഞങ്ങൾ ദേവസന്നിധാനത്തു കണ്ടു. തൊട്ടടുത്തുള്ളൊരു അമ്പലത്തിൽ ചെന്നപ്പോൾ, പൂർണ്ണനഗ്നനായൊരു സന്യാസി തന്റെ ലിംഗാഗ്രത്ത് ശൂലം കുത്തി തപസ്സിരിക്കുന്നു; മുൻപിൽ ഒരുപറ്റം തരുണീമണികൾ കൈകൂപ്പി ലിംഗപൂജ നടത്തി നിർവൃതിയടയുന്നു. ആവരിലൊരുത്തി സ്ഥലം എം.എൽ.എ-യുടെ ഭാര്യയും—അവർ വന്ന സ്റ്റേറ്റ്കാറും ഞങ്ങൾക്കു കാണാൻ സാധിച്ചു. പിന്നെ ഞങ്ങൾ പോയത് പുരിയിലെ ജഗന്നാഥക്ഷേത്രത്തിലേക്ക്; അവിടെനിന്ന് കൊണാർക്കിലെ സൂര്യക്ഷേത്രത്തിലേക്കും. ബ്ളൂഫിലിമിനെ വെല്ലുന്ന രതിവൈകൃതങ്ങളാണ് ചുമരുകളിൽ കൊത്തിവച്ചിരിക്കുന്നത്. സ്കൂൾ-കോളജ് വിദ്യാർത്ഥി-വിദ്യാർത്ഥിനികൾ സംഘമായി വന്ന് കാമശാസ്ത്രത്തിന്റെ പിതാവായ വത്സ്യായൻപോലും നാണിച്ചുതലകുനിക്കുന്ന കാമചേഷ്ടകൾ കണ്ടാസ്വദിക്കുന്നതും ഞങ്ങൾ കണ്ടു. കാമവികരമുണരാൻ ഇനിയെന്തുവേണം? വേണമെങ്കിൽ പോകാം അജന്തയിലേക്കും എല്ലോറയിലേക്കും. ദേവനില്ലാത്ത ദേവാലയങ്ങൾ പൂട്ടിയിട്ട്, അവയുടെ ഭിത്തികളിലെ മതാത്മകകലാവൈഭവം ചുരണ്ടിമാറ്റി ചായമടിക്കാനുള്ള സംവിധാനമാണ് ഇവിടെ ആവശ്യം.

വടക്കെ ഇൻഡ്യയിലെ എഴുപത്തഞ്ചു ശതമാനം ജനങ്ങളും നിരക്ഷരരാണ്. നിരക്ഷതയുടെ വളക്കൂറുള്ള മണ്ണിലേ ആദർശമില്ലാത്ത രാഷ്ട്രീയം വേരോടുകയുള്ളൂ. ഇതു മനസ്സിലാക്കേണ്ടത് ഭാരതത്തിലെ അധ്വാനിക്കുന്ന ജനവിഭാഗത്തിന്റെ അത്താണികളായ കമ്മ്യൂണിസ്റ്റുകളാണ്. കമ്മ്യൂണിസ്റ്റ് ആചാര്യനായിരുന്ന ഇ.എം.എസ്. നമ്പൂതിരിപ്പാട് ഇതിനെപ്പറ്റി ബോധവാനുമായിരുന്നു. അദ്ദേഹത്തെ ആദ്യമായി സി.പി.ഐ(എം) ജനറൽ സെക്രട്ടറിയായി തെരഞ്ഞെടുത്തതിനുശേഷം നടന്ന ഹൗറാ പ്ലീനത്തിൽ നമ്പൂതിരിപ്പാടു പ്രസംഗിച്ചു: നിരക്ഷരർ കൂടുതലുള്ള ഹിന്ദി-സ്പീക്കിംഗ് ബൽറ്റിൽ, അതായത് ബീഹാർ, യു.പി., എം.പി., ഹരിയാന, രാജസ്ഥാൻ എന്നീ സംസ്ഥാനങ്ങളിൽ, തന്റെ ശ്രമത്താൽ മാർക്സിസ്റ്റ്പാർട്ടിയുടെ ഒരു മുഖപത്രം ഹിന്ദിയിൽ ഇറക്കും. പത്രമെന്നല്ല, ഒരു ലഘുലേഖവരെ അടിച്ചിറക്കാൻ നമ്പൂതിരിപ്പാടിനോ പിന്നീടു വന്ന നേതൃത്വത്തിനോ സാധിച്ചില്ല എന്നാണു ഞാൻ മനസ്സിലാക്കുന്നത്. അതുകൊണ്ടുതന്നെയാണ് ആറു ദശകങ്ങളായിട്ടും കേരളവും പശ്ചിമബംഗാളും ത്രിപുരയും വഴുകിപ്പോകുന്ന വരാലുപോലെ കൈയിലൊതൊങ്ങിയും ഒതുങ്ങാതെയും അവർ ഭാരതത്തിൽ രക്തമില്ലാത്ത പ്രേതങ്ങളായി അലയുന്നത്.

എരിയുന്ന മെഴുകുതിരിയുടെ വെളിച്ചത്തിൽ ഡൽഹിയിലെ പെൺകുട്ടിയുടെ തേങ്ങുന്ന ആത്മാവിനുവേണ്ടി നമുക്കു പ്രാർത്ഥിക്കാം. പക്ഷേ, ആ മെഴുതിരിയുടെ അരണ്ട വെട്ടത്തിൽ കൂടുതൽകൂടുതൽ പെൺകുട്ടികളുടെ അലമുറയിട്ട രോദനങ്ങളാണു നാം കേൾക്കുന്നത്. കഴിഞ്ഞ ദിവസങ്ങളിൽ നാം കണ്ട അഞ്ചുവയസ്സുകാരിയുടെയും മൂന്നുവയസ്സുകാരിയുടെയുമൊക്കെ പ്രാണവായുവിനുവേണ്ടിയുള്ള പിടച്ചിലുകൾവരെ. പുരയ്ക്കു തീപിടിച്ചപ്പോൾ രാഷ്ട്രീയക്കാർ ഇവിടെ വാഴ വെട്ടുകയാണ്. വനിതാവിമോചകർക്ക് ഇതു നിലനിൽപിന്റെ പിടിവള്ളിയും. ഡൽഹിസംഭവത്തിൽ രാഷ്ട്രപതിയുടെ മകൻ അഭിജിത് മുഖർജി എം.പി-യുടെ വാക്കുകളെ ഞാൻ ശ്ലാഘിക്കുന്നു: “ചുണ്ടിൽ ചായം തേച്ച പെണ്ണുങ്ങളുടെ ഫാഷൻപരേഡ്.” സ്ത്രീസംരക്ഷകരുടെ കടന്നൽക്കൂട്ടിലായ മുഖർജിക്ക് മാപ്പുപറയേണ്ടിവന്നു--അവരോടും ജനാധിപത്യകോമാളിത്തത്തോടും.

ദൈവത്തിൻെറ സ്വന്തം നാട്ടിലേക്കു വരാം. പ്രമുഖ പത്രപ്രവർത്തകനായ ഖുശ്വന്ത്സിംഗ് ഒരിക്കൽ കേരളരാഷ്ട്രീയത്തെപ്പറ്റി പറഞ്ഞു: "ഭരിക്കുന്നവർക്കെതിരായി വോട്ടു ചെയ്യുന്നതാണ് കേരളത്തിലെ രാഷ്ട്രീയം." ശരിയാണ്. 1957 മുതൽ അതുതന്നെയാണ് കേരളത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്നത്. ഓരോ തിരഞ്ഞെടുപ്പിലും ജയവും തോൽവിയും നിർണ്ണയിക്കുന്നത് കഴുതയ്ക്കു തുല്യമായൊരു 'ക്രീയേറ്റിവ് മൈനോറിറ്റി'യാണ്. അവരെ മാറിമാറി മോഹവലയിലാക്കുന്ന മാന്ത്രികവടി ഇരുമുന്നണികളുടെയും പക്കലുണ്ട്. പെൺവാണിഭവും പീഡനവുമെല്ലാം മന്ത്രിമന്ദിരങ്ങളിലും ഐസ്ക്രീം പാർലറുകളിലും ഒടുന്ന വണ്ടികളിലും പറക്കുന്ന വിമാനങ്ങളിലും, ഭരണ-പ്രതിപക്ഷങ്ങളുടെ അനുഗ്രഹാശിസ്സുകളോടെ അരങ്ങേറുന്നു. ഈ കോഴികളെ ആർ കൂട്ടിൽ കയറ്റും?

ആരാധ്യനായ സഖാവ് നയനാർ സ്ത്രീപീഡനത്തെക്കുറിച്ചു പറഞ്ഞു: "സ്ത്രീ ഉള്ളിടത്ത് പീഡനവും ഉണ്ടാകുമെടോ!" ശരിയാണ്; പീഡനം ഇന്നിൻെറമാത്രം സൃഷ്ടിയല്ല. അറുപതുകളുടെ മധ്യംവരെ, ഉള്ളവനും ഇല്ലാത്തവനും തമ്മിലുള്ള അന്തരവും, മേൽജാതിയും കീഴ്ജാതിയും തമ്മിലുള്ള അന്തരവും വലുതായിരുന്നു. അതിൽനിന്നുള്ള വിധേയത്വം അവിഹിതലൈംഗികവേഴ്ചയിലേക്കു വഴിതെളിച്ചു. ആ കാലഘട്ടത്തിൽ അതു പീഡനമല്ല, ഒരു അപ്രിയസംസ്കാരമായിരുന്നു. എഴുപതുകളുടെ മധ്യത്തിൽ സംസ്കാരദാതാക്കൾ നാട്ടിൽനിന്നു കാട്ടിലേക്കിറങ്ങി, ആദിവാസി അവിവാഹിത അമ്മമാരുടെ കുഞ്ഞുങ്ങൾക്ക് രാഷ്ട്രീയക്കാരുടെയും വെൽഫെയർ ഓഫീസർമാരുടെയും വെളുത്ത മുഖങ്ങൾ സമ്മാനിച്ചു.

അന്തപ്പുരങ്ങളിലും അരമനകളിലും ആരാധനാമഠങ്ങളിലും അറപ്പില്ലാതെ അരങ്ങേറുന്ന പീഡനം ഇന്നു വേറിട്ടൊരു കാഴ്ചയല്ല. ക്ഷിപ്രകോപിയും സംശയരോഗിയും സ്ത്രീവിദ്വേഷിയുമായ പരുക്കൻ പത്രോസിൻെറ പാറമേൽ പണിത തിരുസഭക്ക് ഇളക്കംവരാതെ ആ വിശുദ്ധപാപങ്ങൾ അതിവിശുദ്ധരഹസ്യമായി വത്തിക്കാൻെറ അകത്തളങ്ങളിൽ നൂറ്റാണ്ടുകളായി സൂക്ഷിക്കപ്പെട്ടുപോരുന്നു.

നെൽക്കൂമ്പാരങ്ങളിൽനിന്നു പതിരുമാത്രം പെറുക്കിയെണ്ണിനോക്കുന്ന തരംതാണ പത്രപ്രവർത്തനവും ദൃശ്യമാധ്യമങ്ങളുടെ അതിജീവനത്തിനായുള്ള മത്സരവും പീഡനത്തെ കൂടുതൽ ജനകീയമാക്കുന്നു, ബലാൽത്സംഗത്തെ വെറും മാനഭംഗമാക്കി ലഘൂകരിക്കുന്നു. ഇന്ന് പത്രത്താളുകളിൽ ബലാൽത്സംഗമെന്ന വാക്ക് പരതിനോക്കിയാൽപ്പോലും കാണുകയില്ല. പീഡനം കഴിഞ്ഞ് മാസങ്ങളായാലും അത് ആഘോഷമാക്കിത്തുടരേണ്ടത് മാധ്യമങ്ങളുടെയും പീഡിതരുടെയും ആവശ്യംകൂടിയാണ്. എല്ലാ സ്ത്രീപീഡനങ്ങളുടെയും പിന്നിൽ ഒരു സ്ത്രീയുടെ നിഴൽ അന്വേഷണങ്ങളിൽ തെളിയുന്നു. ഇൻഡ്യൻ പ്രധാനമന്ത്രിയായിരുന്ന ഇന്ദിരാഗാന്ധി കൊല്ലപ്പെട്ട വാർത്ത കേരളത്തിലെ ഒരൊന്നാംകിട ദിനപ്പത്രത്തിൽ 1984 നവംബർ ഒന്നിനു പ്രത്യക്ഷപ്പെട്ടപ്പോൾ കൊടുത്ത ഇന്ദിരാഗാന്ധിയുടെ തലയെക്കാൾ വലിപ്പമുണ്ടായിരുന്നു അവർ കൊടുത്ത ലതയുടെ തലയ്ക്ക്. ലതയെ അറിയില്ലേ? കിളിരൂർ പെൺവാണിഭക്കേസിലെ കൂട്ടിക്കൊടുപ്പുകാരി ലതാ നായർ.

അരുതായ്മകളുടെ അങ്കത്തട്ടുകൾ പൊളിച്ചടുക്കി സമൂഹത്തിൻെറ സമസ്തമേഖലകളിലും മനുഷ്യത്വത്തിൻെറ കൈയൊപ്പു പതിഞ്ഞ ഒരു പുതിയ ആകാശവും പുതിയ ഭൂമിയുമാണ് നമുക്കാവശ്യം. അത് ഒരു സാംസ്കാരിക പരിവർത്തനത്തിലൂടെമാത്രമേ സാധിക്കുകയുള്ളു. അതുതന്നെയാകട്ടെ 21-ാം നൂറ്റാണ്ടിൻെറ സ്വപ്നവും! പക്ഷേ, അതിനു മുമ്പായി, നമ്മുടെ പിഞ്ചോമനകൾമൂ—ന്നുവയസ്സായാലും അഞ്ചുവയസ്സായാലും—അന്യരുടെ കൈയിൽ

എത്താതിരിക്കാൻ നാം സ്വയം കരുതലെടുക്കുക. ആനുദിനം ശിഥിലമാകുന്ന കുടുംബബന്ധങ്ങൾ പീഡനത്തിന്റെ പൈശാചികമുഖത്തെ കൂടുതൽ വികൃതമാക്കുന്നതുകൊണ്ട്, നമ്മുടെ കുടുംബത്തിന്റെ അടിക്കല്ല് ഇളകാതെ നോക്കുക. അതിനെങ്കിലും നമുക്കു കഴിയണം●

ന്യൂയോർക്ക് വിചാരവേദി 2013 ജൂണിൽ ഡോ. എ.കെ.ബി. പിള്ളയുടെ പുതിയ പുസ്തകത്തെ ആധാരമാക്കി സംഘടിപ്പിച്ച സെമിനാറിൽ അവതരിപ്പിച്ചത്